പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമനമ്പർ	നിയോജകമണ്ഡലം	അനുവദിച്ച തുക
1	തളിപ്പറമ്പ്	1,02,100
2	പേരാവൂർ	4,81,720
3	നോർത്ത് വയനാട്	54,250
4	ഇരിക്കൂർ	2,19,270
5	പയ്യന്നൂർ	1,11,000
6	കൂത്തുപറമ്പ്	1,32,050
	ആകെ	11,00,390

ജില്ലയിലെ മറ്റ് നാല് നിയോജകമണ്ഡലങ്ങളിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം വിതരണം ചെയ്തിട്ടില്ല.

(ബി) ഇല്ല.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സയ്ക്ക് ഏർപ്പെടുത്തിയ സാമ്പത്തിക സഹായങ്ങൾ

132 (5537) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടകവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം സഹായങ്ങളാണ് പുതുതായി ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള സാമ്പത്തിക സഹായങ്ങളിൽ എന്തെല്ലാം വർദ്ധനവുണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സയ്ക്ക് ഏർപ്പെടുത്തിയ സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൽ നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി പുതുതായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.†

(ബി) വിശദാംശം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.†

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികസമുദായ ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിത്സാ ധനസഹായമായി അനുവദിക്കാവുന്ന പരമാവധി തുകയായ 25,000 രൂപയ്ക്ക് പുറമേ അടിയന്തര ചികിത്സാ ധനസഹായമായി പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർക്ക് 10,00 രൂപ വരെയും അനുവദിച്ചുവരുന്നു. കൂടാതെ കേന്ദ്ര സഹായമായി 10 കോടി രൂപ വിനിയോഗിച്ച് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്തെ 14 ജില്ലാ ആശുപത്രികൾ, രണ്ട് കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് എന്നിവ വഴിയും നടപ്പിലാക്കി വരുന്നുണ്ട്.

വൈദ്യുതി ചാർജ്, സർചാർജ് എന്നിവയിലെ വർദ്ധനവ്

133 (5538) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ തവണയും യൂണിറ്റിന് എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ച തെന്ന് വ്യക്തമാക്കുമോ ;

(സി) സർചാർജ് ഇനത്തിൽ വർദ്ധനവെന്തെങ്കിലും വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു തവണ 26-11-2007-ലെ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം താരീഫ് പുനഃക്രമീകരിക്കുകയുണ്ടായി. ഇതുപ്രകാരം എച്ച്.റ്റി IV (വാണിജ്യം) ഉപഭോക്താക്കൾക്ക് മാത്രം എനർജി ചാർജിൽ യൂണിറ്റിന് 50 പൈസ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിലൂടെ എൽ.റ്റി. III, എൽ.റ്റി. VI, ഡി, എൽ.റ്റി. VII (എ),എൽ.റ്റി. VII (ബി) എന്നീ വിഭാഗത്തിലെ ഉപഭോക്താക്കളുടെ വൈദ്യുതി ചാർജിനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.

(സി) 20-8-2008 മുതൽ ഫെബ്രുവരി 2009 വരെ യൂണിറ്റിന് 50 പൈസ നിരക്കിലും ഏപ്രിൽ 2010 മുതൽ സെപ്റ്റംബർ 2010 വരെ പ്രതിമാസം 120 യൂണിറ്റിൽ താഴെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളൊഴികെയുള്ളവർക്ക് യൂണിറ്റിന് 25 പൈസ നിരക്കിലും രണ്ടുകാലയളവിലായി താത്കാലികമായി ഇന്ധന സർച്ചാർജ് ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly